(1)	(2)	(3)	(4)	(5)	(6)
3.	കണ്ണാടി പഞ്ചായത്തിലെ പാങ്ങിക്കൽ മിനി ശുദ്ധജല വിതരണ പദ്ധതി.	1998 2.50	”	”	”
4.	തേങ്കുറിശ്ശി പഞ്ചായത്തിലെ ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി.	1998 10.00	എ.ആർ ഡബ്ല്യൂ. എസ്.എസ്	പണി അവ സാന ഘട്ട ത്തിലാണ്	6/2000

കീട്ടപറമ്പ് ശുദ്ധജലവിതരണ പദ്ധതി

35(938) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട കീട്ടപറമ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ നിർമ്മാണം പൂർത്തിയായോ ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) നിർമ്മാണം പൂർത്തിയായെങ്കിൽ ഇത് കമ്മിഷൻ ചെയ്തോ എന്ന് അറിയിക്കാമോ ;

(ഇ) ഇല്ലെങ്കിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ പദ്ധതി എന്നത്തേക്ക് ഉപയോഗയോഗ്യമായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഓവർഹെഡ് ടാങ്കിന്റെ പണി 24-3-1999 ൽ ടെണ്ടർ ചെയ്തു. വിതരണ ശൃംഖലയുടെ പണി ടെണ്ടർ ചെയ്യുവാനുണ്ട്.

(ബി) വെൽക്കം പമ്പ് ഹൗസ്, ഇൻഫിൽട്രേഷൻ ഗാലറി, പമ്പിംഗ് മെയിൻ എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. പമ്പ്സെറ്റിന് സപ്ലൈ ഓർഡർ കൊടുത്തിട്ടുണ്ട്. പവർ കണക്ഷന് ഇലക്ട്രിസിറ്റി ബോർഡിൽ ഒറ്റിഇസി-ൽ പണം അടച്ചിട്ടുണ്ട്. ഓവർ ഹെഡ് ടാങ്കിന്റെ പണി 3/2000-ടെ പൂർത്തിയാകുമെന്ന് പ്രതിക്ഷിക്കുന്നു.

(സി) വിതരണശൃംഖലയ്ക്കുവേണ്ട പൈപ്പുകളുടെ ലഭ്യതക്കുറവാണ് കാലതാമസത്തിന് കാരണം. പൈപ്പ് വാങ്ങാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) നിർമ്മാണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പൈപ്പുകൾ ലഭ്യമായി ആറ് മാസത്തിനകം കമ്മീഷൻ ചെയ്യാൻ കഴിയും.

വൻകിട ജലസേചന പദ്ധതികൾ

36(939) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര വൻകിട ജലസേചന പദ്ധതികൾ നിർമ്മാണ പ്രവർത്തനം നടത്തി വരുന്നെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കണ്ണൂർ ജില്ലയിലെ പഴശ്ശി പദ്ധതി

37(940) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പഴശ്ശി പദ്ധതി വക എത്ര സ്ഥലം ഏതൊക്കെ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് വിട്ട് കൊടുത്തിട്ടുണ്ട് ;

(ബി) മട്ടന്നൂർ നഗരസഭയിലെ 27-ാം വാർഡിൽ അംഗൻവാടി കെട്ടിടം പണിയുന്നതിന് പഴശ്ശി പദ്ധതിയുടെ സ്ഥലത്തുനിന്നും 10 സെന്റ് സ്ഥലം വിട്ടു കൊടുക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ ;.

(സി) എങ്കിൽ എന്നത്തേക്ക് സ്ഥലം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ ഇരിട്ടിബ്ലോക്കാഫീസ് നിർമ്മാണത്തിന് 0.4000 ഹെക്ടർ ഭൂമിയും, ഇരിട്ടി മൃഗാശുപത്രിക്ക് 0.1650 ഹെക്ടർ ഭൂമിയും ഇരിട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 0.3800 ഹെക്ടർ ഭൂമിയും, ഇരിട്ടി എ.ഇ.ഒ. ഓഫീസ് നിർമ്മാണത്തിനുവേണ്ടി 0.900 ഹെക്ടർ ഭൂമിയും റോഡ് നിർമ്മാണത്തിന് വേണ്ടി 0.1594 ഹെക്ടർ ഭൂമിയും നല്കിയിട്ടുണ്ട്.

(ബി) ലഭിച്ചിരുന്നു.

(സി) ഈ കാര്യം സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ.

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly